# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4597

18.12.2014 ൽ മറുപടിയ്ക്ക്

**ഒരു സീറ്റിൽ രണ്ടുപേരുടെ ഫീസ് ഈടാക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. പി.കെ. അബ്ദുറബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| എ) പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും മെരിറ്റ് ലിസ്റ്റിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിൽ അഡ്മിഷൻ ലഭിച്ച എന്നാൽ പിന്നീട് ഹയർ ഓപ്ഷൻ ലഭിച്ച് ഉപരി പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്ക് സ്വാശ്രയ കോളേജുകൾ ഈടാക്കിയ ഫീസ് തിരികെ നൽകുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഈടാക്കിയ ഫീസ് തിരികെ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് നടപടി സ്വീകരിയ്ക്കുമോ; | എ) 10.06.2014-ലെ ജി.ഒ.(എം.എസ്സ്) നം.258/14/ഉ.വി.വ.നമ്പർ ഉത്തരവ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലേക്കുള്ള അവസാന ഘട്ട അലോട്ട്മെന്റ് 25.07.2014 നകം പൂർത്തിയാക്കണമെന്നും പ്രസ്തുത തീയതിക്കുശേഷം റ്റി.സി. വാങ്ങി വിടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾ മുഴുവൻ കോഴ്സുകളിലേക്കുള്ള ഫീസ് നൽകണമെന്നും എന്നാൽ ഇങ്ങനെ വിടുതൽ ചെയ്ത് ഒഴിവ് വന്ന സീറ്റ് സ്ഥാപനം നികത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥി അടച്ച ഫീസ് സ്ഥാപനം തിരികെ നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ അവസാനഘട്ട അലോട്ട്മെന്റിനുശേഷം വിടുതൽ ചെയ്ത വിദ്യാർത്ഥിയുടെ ഒഴിവ് പ്രസ്തുത കോളേജ് നികത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത വിദ്യാർത്ഥിയിൽ നിന്ന് ഈടാക്കിയ ഫീസ് കോളേജിൽ നിന്ന് തിരികെ ലഭിക്കുന്നതിന് വിദ്യാർത്ഥികൾക്ക് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെ സമീപിക്കാവുന്നതാണ്. |
| ബി) ഒരു സീറ്റിൽ തന്നെ ഇപ്രകാരം രണ്ടുപേരുടെ ഫീസ് (Double fees)ഈടാക്കുന്ന ഇത്തരം സ്വാശ്രയ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു സീറ്റിൽ രണ്ട് പേരുടെ ഫീസ് (Double Fees) സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഈടാക്കുവാൻ വ്യവസ്ഥയില്ല. ഇത്തരത്തിൽ Double Fees വാങ്ങുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ